**പതിനാലാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**പാണ്ടിക്കാട് പ്രവർത്തിച്ചിരുന്ന റാപ്പിഡ് റെസ്പോൺസ് ബറ്റാലിയൻ**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3436 20/06/2018-ൽ മറുപടിക്ക്**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.ഉമ്മർ | പിണറായി വിജയൻ (മുഖ്യമന്ത്രി) |

| | | | |
|---|---|---|---|
| (എ) | മലപ്പുറം ജില്ലയിലെ പാണ്ടിക്കാട് ആസ്ഥാനമായി പ്രവർത്തിച്ചിരുന്ന റാപ്പിഡ് റെസ്പോൺസ് ആംഡ് റെസ്ക്യൂ ഫോഴ്സ് ബറ്റാലിയൻ ആസ്ഥാനം മതിയായ കെട്ടിടങ്ങളും സൗകര്യങ്ങളുമില്ലാത്ത ക്ലാരി പഞ്ചായത്തിലെ എടരിക്കോട് ക്യാമ്പിലേയ്ക്ക് മാറ്റിയിട്ടുണ്ടോ ; വിശദമാക്കാമോ ; | (എ) | മാറ്റിയിട്ടുണ്ട്. മലപ്പുറം ജില്ലയിലെ പാണ്ടിക്കാട് പ്രവർത്തിച്ച വന്നിരുന്ന റാപ്പിഡ് റെസ്പോൺസ് ആംഡ് റെസ്ക്യൂ ഫോഴ്സ് ബറ്റാലിയന്റെ കെട്ടിടം പോലീസ് ആസ്ഥാനത്തെ 20/02/2018 തീയതിയിലെ എച്ച് 14-197825/2017 നമ്പർ നടപടിക്രമം പ്രകാരം എം.എസ്.പി. ക്ലാരിയിലേയ്ക്ക് മാറ്റി സ്ഥാപിച്ചിട്ടുള്ളതാണ്. ആവശ്യമുള്ള അടിസ്ഥാന സൗകര്യങ്ങളും മറ്റും ഇതിനായി ലഭ്യമാക്കിയിട്ടുണ്ട്. |
| (ബി) | 23.03.2015 ലെ 716/2015 /ആഭ്യന്തരം നമ്പർ ഉത്തരവിനെ മറികടന്നുകൊണ്ട് പ്രസ്തുത ക്യാമ്പ് മാറ്റാൻ ഇടയാക്കിയ സാഹചര്യം വിശദമാക്കാമോ; പ്രസ്തുത മാറ്റത്തിനായി പുതിയ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദമാക്കാമോ ; | (ബി) | കേരള പോലീസിലെ പോലീസ് ഉദ്യോഗസ്ഥർക്ക് Anti-Insurgency and Counter Terrorism തുടങ്ങിയവയിൽ പരിശീലനം നൽകുന്നതിനുള്ള ട്രെയിനിംഗ് സ്കൂളുകൾ കേരളാ പോലീസിന് കീഴിൽ ലഭ്യമല്ല. നിലവിലെ മാവോയിസ്റ്റ് ആക്രമണഭീതിയും മറ്റ് സുരക്ഷാ കാരണങ്ങളും മുൻനിർത്തി പോലീസ് ഉദ്യോഗസ്ഥർക്ക് മേൽ വിഷയങ്ങളിൽ നിരന്തരമായ പരിശീലനം നൽകേണ്ടത് അത്യന്താപേക്ഷിതമാണ്. ആയതിനാൽ Anti-Insurgency and Counter Terrorism തുടങ്ങിയവയിന്മേലുള്ള പരിശീലനം നൽകുന്നതിനായി ഒരു ട്രെയിനിംഗ് സെന്റർ രൂപീകരിക്കേണ്ടത് അനിവാര്യമായിട്ടുള്ളതാണ്. ആയതിനാൽ ടി ട്രെയിനിംഗ് സെന്റർ സ്ഥാപിക്കുവാൻ ആവശ്യമായ സൗകര്യങ്ങൾ എല്ലാം തന്നെ ആർ.ആർ.ആർ.എഫ് -ന്റെ പാണ്ടിക്കാട് ക്യാമ്പിൽ ലഭ്യമായിരുന്നു. തുടർന്ന് ക്ലാരി ക്യാമ്പിൽ ആർ.ആർ.ആർ.എഫ് -ന്റെ |

| | | | |
|---|---|---|---|
| | | | ആസ്ഥാനം മാറ്റി സ്ഥാപിക്കുന്നതിനുള്ള സൗകര്യങ്ങൾ ലഭ്യമാക്കിയതിനുശേഷം ടി ക്യാമ്പ് ക്ലാരിയിലേയ്ക്ക് താൽക്കാലികമായി മാറ്റിയിട്ടുള്ളതാണ്. |
| (സി) | പാണ്ടിക്കാട് ക്യാമ്പിൽ ആർ.ആർ.ആർ.എഫ് സേനാ ആസ്ഥാനത്തിനുപയോഗിച്ചിരുന്ന കെട്ടിടങ്ങൾ, മറ്റ് സൗകര്യങ്ങൾ എന്നിവ എന്താവശ്യത്തിനാണ് തുടർന്ന് ഉപയോഗിക്കുന്നതെന്നറിയിക്കാമോ ; | (സി) & (ഡി) | പാണ്ടിക്കാട് ക്യാമ്പിൽ ആർ.ആർ.ആർ.എഫ് സേനാ ആസ്ഥാനം ഉപയോഗിച്ചിരുന്ന കെട്ടിടങ്ങൾ കേരള പോലീസ് അക്കാഡമിയുടെ കീഴിലുള്ള Anti-Insurgency and Counter Terrorism Training Centre ഉപയോഗിച്ച് വരുന്നുണ്ട്. ആയതിനാൽ ആർ.ആർ.ആർ.എഫ് -ന്റെ ആസ്ഥാനം പാണ്ടിക്കാട്ടേയ്ക്ക് മാറ്റി സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നില്ല. |
| (ഡി) | പ്രസ്തുത ക്യാമ്പ് ക്ലാരി പഞ്ചായത്തിൽ നിന്നും പാണ്ടിക്കാട് മാറ്റിസ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ; ഇല്ലെങ്കിൽ ആയതിന്റെ കാരണം വിശദമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ